**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 194/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരേ,

2025 മെയ് മാസം 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 മണിക്ക് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പ്രത്യേക സമ്മേളനത്തിന്റെ തീരുമാനമനുസരിച്ച്, 2025 മെയ് മാസം 23-ാം തീതിയിലെ നമ്മുടെ 131/2025 നമ്പർ കൽപന പ്രകാരം അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായെ അടൂർ-കടമ്പനാട് ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നും സഭയിലെ മറ്റ് ഉത്തരവാദിത്വങ്ങളിൽ നിന്നും മാറ്റി നിർത്തിയിരിക്കുകയായിരുന്നുവല്ലോ. എന്നാൽ 2025 ജൂലൈ മാസം 29 മുതൽ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിൽ അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ സമർപ്പിച്ച അപേക്ഷ സുന്നഹദോസ് പരിഗണിച്ച് കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അടൂർ-കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിലുള്ള ചുമതലകളും വൈദിക സെമിനാരിയിലെ ചുമതലകളും പരിശുദ്ധ സഭയിൽ അദ്ദേഹം നിർവ്വഹിച്ചുവന്നിരുന്ന മറ്റെല്ലാ ചുമതലകളും പുന:സ്ഥാപിച്ച് നൽകിയിരിക്കുന്ന വിവരം ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2025 ഓഗസ്റ്റ് മാസം 04-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**